(5) കായങ്കുളം വനിതാ പോളിടെക്നിക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

<u>ശ്രീ. ജി. സുധാകരൻ</u> : സർ, പതിന്നാലുവർഷം മുൻപ് ആരംഭിച്ച് കായങ്കുളം വനിതാ പോളിടെക്നിക്കിന്റെ പണി മനഃപൂർവ്വം തടസ്സപ്പെടുത്തുന്ന ഉദ്യോഗസ്ഥ സംവിധാനത്തെപ്പറ്റി പരിശോധിച്ച് പണി ഉറപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഞാൻ ഇതു ഉന്നയിക്കുന്നത് നാലാമത്തെ തവണയാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ പ്രസ്താവിച്ച പ്രകാരം കായങ്കുളം വനിതാ പോളിടെക്നിക്കിന്റെ പണി ഇതുവരെ ആരംഭിച്ചിട്ടില്ല. പണി ടെൻഡർ ചെയ്തിട്ടില്ല. പതിന്നാലു വർഷം മുൻപ് കായങ്കുളം ഗവണ്മെന്റ് പ്രൈമറി സ്കൂളിൽ ആരംഭിച്ചതാണ് ഇത്. ഇപ്പോഴും അവിടെത്തന്നെ നിലനിൽക്കുന്നു. കഴിഞ്ഞവർഷം ക്യാബിനറ്റ് തീരുമാനിച്ചുവെങ്കിലും സ്ഥലമെടുത്തത് ഈ വർഷം മാത്രമാണ്. സ്ഥലമെടുത്ത് വിദ്യാഭ്യാസ വകുപ്പിനെ ഏല്പിച്ചിട്ട് എട്ടു മാസമായി. ഇതുവരെ ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നും എ.എസ്. നൽകിയിട്ടില്ല. കെട്ടിടം പണിയാൻ ബഡ്ജറ്റിലുള്ള പണം മറ്റേതോ പദ്ധതിക്ക് മാറ്റാൻ പോകുകയാണെന്ന വ്യാപകമായ പ്രചരണമുണ്ട്. 1996-97, 1997-98, 1998-1999, 1999-2000 എന്നീ VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റി 4 തവണ ഈ പോളിടെക്നിക്കിന്റെ കെട്ടിടം പണി ആരംഭിച്ചത് പൂർത്തിയാക്കാത്തതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങളും നൽകിയിരുന്നു. ഇതിനു മുൻപ് മൂന്നു തവണ ഞാൻ സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. ഒരു തവണ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെയും ഉന്നയിച്ചു. അതിനുള്ള ആവേശകരമായ മറുപടിയും ലഭിച്ചു. എന്നാൽ ഇപ്പോഴും "ശങ്കരൻ തെങ്ങേൽ തന്നെയാണ്" ഇരിപ്പ്. ഈ പണി ആരംഭിച്ചിട്ടില്ല. ഈ ബഡ്ജറ്റു വർഷത്തിൽത്തന്നെ, ഈ ഗവണ്മെന്റിന്റെ കാലത്തുതന്നെ ഈ പണി പൂർത്തിയാക്കണമെന്ന് അവസാനമായി ഒരിക്കൽക്കൂടി ഞാൻ അഭ്യർത്ഥിക്കുന്നു. ഇനി സബ്മിഷൻ കൊണ്ടുവരികയില്ല. ഇതുകൊണ്ട് പ്രയോജനമില്ലെങ്കിൽ കായങ്കുളം നിവാസികൾ പ്രക്ഷോഭണത്തിലേക്ക് തിരിയുമെന്ന് ഞാൻ മുന്നറിയിപ്പു നൽകുകയാണ്. ഈ പണിയുടെ കാര്യത്തിൽ വീഴ്ച വരുത്തിയ, നിയമസഭാ തീരുമാനത്തെ ധിക്കരിച്ചവരുടെ പേരിൽ നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. ഒരു കാര്യം കൂടിയുണ്ട്. മരാമത്തു വകുപ്പിന്റെ ബഡ്ജറ്റിലെ 14-ാം ക്രമനമ്പരിൽ 204-ാം വകുപ്പിൽ കായങ്കുളം വനിതാ പോളിടെക്നിക് കെട്ടിടം പണിയാൻ പണം ഉൾക്കൊള്ളിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ നടത്തി ഭരണാനുമതിക്കായി 210 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നമ്പർ 137/21788/99 ഡേറ്റഡ് 5.7.99 -ൽ ഉന്നതവിദ്യാഭ്യാസവകുപ്പിന് അയച്ചിട്ട്, ബഡ്ജറ്റ് വിഹിതത്തിന്റെ കാലാവധി തീരാൻ മൂന്നു മാസക്കാലം മാത്രമുണ്ടായിരിക്കെ, ബഡ്ജറ്റിൽ പണമുണ്ടായിരിക്കെ ഈ പണിക്ക് എ.എസ്. വാങ്ങാൻ ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി തയ്യാറായിട്ടില്ല. 18.11.99 ൽ ഞാൻ സാങ്കേതികവിദ്യാഭ്യാസ വകുപ്പിനയച്ച കത്തിന് 26.11.99 ൽ തന്ന മറുപടിയിൽ അവർ എല്ലാം ചെയ്തിട്ടുണ്ട്. ചീഫ് ആർക്കിടെക്ട് വേണ്ടതു ചെയ്യാത്തതുകൊണ്ടാണ് പണി ചെയ്യാത്തത് എന്നു പറഞ്ഞിട്ടുണ്ട്. 16.11.99-ൽ ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിക്ക് ഇതെല്ലാം കാണിച്ചു ഞാൻ കത്തെഴുതിയിട്ട് ഒന്നരമാസക്കാലമായിട്ടും ഒരു എം.എൽ.എ. യുടെ കത്തിനു മറുപടിപോലും തരാൻ ഇതിനു എ.എസ്. വാങ്ങി കൊടുക്കേണ്ട ഹയർ എഡ്യൂക്കേഷൻ വകുപ്പ് തയ്യാറായിട്ടില്ല. ബഹുമാ

LIBRARY ARCHIVES Kerala Legislative Assembly

നപ്പെട്ട സബ്ജക്ട് കമ്മിറ്റിയും നിയമസഭയും അംഗീകരിച്ച് ബഡ്ജറ്റിന്റെ അടക്കം പതിനാലുവർഷത്തെ കാലതാമസമുണ്ടായ വെളിച്ചത്തിൽ ഈ വർക്ക് ചെയ്യണമെന്ന് എല്ലാവരും തീരുമാനിച്ചിട്ടും ഈ വർക്കു ചെയ്യാത്ത സർവ്വശക്തനായ തമ്പുരാൻ ആരാണ് എന്ന് കണ്ടുപിടിച്ച് നടപടിയെടുക്കണം. സൗകര്യമുണ്ടെങ്കിൽ പണിയണം. ഇല്ലെങ്കിൽ കായങ്കുളം വനിതാ പോളിടെക്നിക് കെട്ടിടം പണിയില്ല എന്ന് അങ്ങു പറയണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) ; സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കേണ്ടതായിട്ടില്ല. ഇതിന് രണ്ടുകോടി നാൽപ്പത്തിയഞ്ചുലക്ഷം രൂപ മുടക്കി സ്ഥലമെടുത്തു. അതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി. വിദ്യാഭ്യാസ വകുപ്പിൽനിന്ന് ചെയ്യാനുള്ളതൊക്കെ ചെയ്തു. അവസാനം 29.11.99-ൽ രണ്ടുകോടി പത്ത് ലക്ഷം രൂപയ്ക്കുള്ള അനുമതിക്കായി ധനകാര്യ വകുപ്പിലേക്ക് ഫയൽ അയച്ചു. ഇത്രയും പറഞ്ഞുകൊണ്ട് പറയാതിരിക്കാൻ നിവൃത്തിയില്ല. ധനകാര്യവകുപ്പിൽ നിന്നുള്ള നോട്ട് ഞാൻ ഇവിടെ വായിക്കാം. "Estimates are not based on 1999 schedule. Hence actually it will be much more or there will be heavy tender excess. Administration Department may defer the proposal for better times''. എന്നുപറഞ്ഞ് 8.12.99 ന് ധനകാര്യവകുപ്പ് റഫർ ചെയ്തിരിക്കുന്ന അവസ്ഥയാണുള്ളത്. ആരാണെന്ന് കണ്ടുപിടിച്ചോളൂക. ഫോർ സെക്രട്ടറി ഫിനാൻസ്, എന്റെ കൈയിൽ അതുസംബന്ധിച്ച ഫയലുണ്ട്.

(6) എഫ്.സി.ഐ. ജീവനക്കാരുടെ 13.12.99-ലെ ധർണ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, എഫ്.സി.ഐ. ഗോഡൗണുകളുടെ പുറത്ത് ഇംപോർട്ടുചെയ്ത ഗോതമ്പ് വേണ്ടത്ര ജാഗ്രതയില്ലാതെ സൂക്ഷിക്കുന്നതിന്റെ ഫലമായി മഴ നനഞ്ഞ് കേടായ ഗോതമ്പ് പലയിടത്തും റേഷൻകടകളിൽക്കൂടി വിതരണം ചെയ്യാൻ കൊടുക്കാറുണ്ട്. ഒട്ടും കൊള്ളരുതാത്ത ഗോതമ്പ് കുഴിച്ചുമൂടുകയാണ്. തൃശ്ശൂരിൽ ആ ഗോതമ്പ് കുഴിച്ചുമൂടിയതായി പത്രവാർത്ത വന്നു. അത് അവിടെ കിടന്ന് മുളച്ചിട്ടുണ്ട്. അതുപോലെ തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള റീജിയണൽ ഓഫീസുകളിലും ഇതുപോലെ വേണ്ടത്ര ജാഗ്രതയോടെ സൂക്ഷിക്കാതെ കേടായ ഗോതമ്പ് മുഴുവൻ കുഴിച്ചുമൂടുകയാണ് ചെയ്തിട്ടുള്ളത്. ഗോഡൗണുകളുടെ പുറത്ത് സൂക്ഷിക്കുന്ന ഗോതമ്പ് എലികൾ കയറി വ്യാപരിച്ച് എലിപ്പനി വരുത്തുന്ന ഒരു കേന്ദ്രമാക്കിയും ഗോതമ്പ് ഗോഡൗണുകൾ മാറിയിട്ടുണ്ട്. ആ പ്രദേശത്തുള്ള ആളുകൾക്ക് എലിപ്പനി ബാധിക്കുന്ന വിധത്തിലും ഫുഡ് കോർപ്പറേഷന്റെ ഗോഡൗണിൽ ഗോതമ്പ് സൂക്ഷിക്കുന്ന രീതി ഇടയാക്കിയിട്ടുണ്ട്. ഇത് കണ്ടുപിടിച്ച് പരാതി പറഞ്ഞ ഉദ്യോഗസ്ഥൻമാരെ ഇവിടെനിന്ന് അന്യസംസ്ഥാനങ്ങളിലേക്ക് സ്ഥലം മാറ്റുകയാണ്, ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ അധികൃതർ ചെയ്തുവരുന്നത്. അതിനെതിരായി ജീവനക്കാർ റീജിയണൽ ഓഫീസിന് മുൻപിൽ ഇന്നുച്ചക്ക് ഉപവാസം നടത്തുകയാണ്, ഫുഡ് കോർപ്പറേഷൻ റേഷൻ കടകൾക്ക് കൊടുക്കുന്ന ഗോതമ്പിൽ ഷോർട്ടേജ് വരുന്ന ഗോതമ്പത്രയും തൂക്കത്തിൽ കുറവു വരുത്തിയാണ് ഹോൾസെയിൽ വ്യാപാരികൾക്ക് കൊടുക്കുന്നത്. ഹോൾസെയിൽ വ്യാപാരികൾ റീട്ടെയിൽ വ്യാപാരികൾക്ക് അളവിൽ കുറവ് വരുത്തുന്നു. അതിൽനിന്ന് താഴെ വരുമ്പോൾ റേഷൻ കടക്കാർക്കും കുറവു വരുത്തുകയാണ്. അതുകൊണ്ട് അവിടെ വരുന്ന ഭക്ഷ്യധാന്യങ്ങൾ കേട് കൂടാതെ സൂക്ഷിക്കുന്നതിനാവശ്യമായ സംവി

LIBRARY ARCHIVES Kerala Legislative Assembly